# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2116

17.02.2016 ൽ മറുപടിയ്ക്ക്

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ? | (എ) കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് മുഖേനയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കുന്നത്. പ്രസ്തുത ബോർഡ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുള്ളത് ജില്ലാ അടിസ്ഥാനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 1266 അപേക്ഷകളിൽ 6,54,64,963/- രൂപ (ആറ് കോടി അൻപത്തിനാല് ലക്ഷത്തി അറുപത്തി നാലായിരത്തി തൊള്ളായിരത്തി അമ്പത്തി മൂന്ന് രൂപ മാത്രം) റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ